DESPATCHED
On..04/04/22

31/3/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 90(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.2092/SIC-Gen4/2022**
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്.)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 31**

ശ്രീ. ദിനേഷ് എസ്.,
ദിനേഷ് ഭവൻ,
വാവരമ്പലം,
പോത്തൻകോട് പി.ഒ., തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഹെഡ് ക്വാർട്ടേഴ്സ്), വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2, തിരുവനന്തപുരം.
3. അപ്പീൽ അധികാരി & പോലീസ് സൂപ്രണ്ട് (ഇന്റ്) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 30.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.10.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.11.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 25.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 2.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 3.2.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 5.2.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.2.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 30.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ(1)<br>എസ്.പി.ഐ.ഒ(2) | ഹാജരായി<br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ദിനേഷ് എസ്. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 17.6.2021 ലും 15.7.2021 ലും വിജിലൻസ് ഡയറക്ടർക്ക്

രണ്ട് പരാതികൾ നൽകിയിരുന്നു എന്നും ടി പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ആവശ്യപ്പെട്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് അന്വേഷണം പൂർത്തീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നുമാണ്.

2. 30.9.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാൻ 17.6.2021-ൽ വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരവും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 26.10.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത്, 17.6.2021 തീയതിയിലെ പരാതിയിന്മേൽ വി.എ.സി.ബി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 ഓഫീസ് മുഖേന ഒരു പരിശോധന നടത്തിയിരുന്നു എന്നും പ്രസ്തുത പരിശോധനാ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് 15.9.2021 തീയതിയിലെ വി.എ.സി.ബി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2, പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരിക്കുകയാണെന്നും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ ടി റിപ്പോർട്ടിന്റെ പകർപ്പ് വിവരാവകാശ നിയമം 8(1) (എച്ച്) വകുപ്പു പ്രകാരം ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല എന്നും ഇക്കാര്യത്തിലുള്ള തുടർനടപടികൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാണെങ്കിൽ ആയത് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 ലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ച കൊടുത്തിട്ടുണ്ടെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി മൂന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചതായി കാണുന്നു. ടി അപ്പീലിന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, പരാതിയിലെ വിഷയവുമായി ബന്ധപ്പെട്ട് വി.എ.സി.ബി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 ഓഫീസ് മുഖേന എസ്.സി-17/2021/എസ്ഐയു-2 എന്ന നമ്പറിൽ ഒരു മിന്നൽ പരിശോധന നടത്തിയിട്ടുണ്ടെന്നും എന്നാൽ ടി മിന്നൽ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 17.6.2021 തീയതിയിലെ പരാതിയിന്മേൽ വി.എ.സി.ബി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 ഓഫീസ് മുഖേന ഒരു

പരിശോധന നടത്തിയിരുന്നു എന്നും പ്രസ്തുത പരിശോധനാ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് 15.9.2021 തീയതി വി.എ.സി.ബി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരിക്കുകയാണെന്നും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ ടി റിപ്പോർട്ടിന്റെ പകർപ്പ് വിവരാവകാശ നിയമം 8(1) (എച്ച്) വകുപ്പു പ്രകാരം ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലെന്ന് ഹർജിക്കാരന് മറുപടി നൽകിയിരുന്നതാണെന്നും തുടർന്ന് ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി മൂന്നാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് തുടർനടപടികൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വി.എ.സി.ബി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 ഓഫീസിൽ ലഭ്യമാണെങ്കിൽ ആയത് നേരിട്ട് ഹർജിക്കാരന് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ടി ഓഫീസിലെ എസ്.പി.ഐ.ഒയ്ക്ക് അയച്ചു നൽകിയിട്ടുണ്ടെന്നും പരാതിയിലെ വിഷയവുമായി ബന്ധപ്പെട്ട് വിഎസിബി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 ഓഫീസ് മുഖേന എസി-17/2021/എസ്ഐയു-2 എന്ന നമ്പറിൽ ഒരു മിന്നൽ പരിശോധന നടത്തിയിട്ടുണ്ടെന്നും എന്നാൽ മിന്നൽ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും അപ്പീൽ അപേക്ഷ പരിഗണിച്ച് ഹർജിക്കാരന് 25.12.2021 തീയതി അപ്പീൽ അധികാരി മറുപടി നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി മിന്നൽ പരിശോധന സംബന്ധിച്ച നടപടികൾ പൂർത്തിയാകാത്തതിനാലാണ് വിവരാവകാശ അപേക്ഷ സമർപ്പിച്ച സമയത്തും അപ്പീൽ അപേക്ഷ സമർപ്പിച്ച അവസരത്തിലും അപേക്ഷകൻ സമർപ്പിച്ച പരാതിയിലെ നടപടി സംബന്ധിച്ച പൂർണ്ണ വിവരം നൽകാതിരുന്നത് എന്നും ടി ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിന്മേൽ രഹസ്യാന്വേഷണമോ മിന്നൽ പരിശോധനയോ ഒക്കെ പരാതിയുടെ വിഷയത്തിനനുസരിച്ച് നടത്താറുണ്ട് എന്നും ആയതിന്റെ നടപടികൾ നടന്നു വരുന്ന സമയത്ത് പ്രസ്തുത അന്വേഷണം സംബന്ധിച്ച് എല്ലാ വിവരങ്ങളും വിവരാവകാശ അപേക്ഷകനെ/പരാതിക്കാരനെ അറിയിക്കുന്നത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതിനാലാണ് പൂർണ്ണ വിവരങ്ങൾ നൽകാതിരുന്നതെന്നും മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തുകൊണ്ട് മിന്നൽ പരിശോധനാ റിപ്പോർട്ട് 8.2.2022 ന് സർക്കാരിലെ വിജിലൻസ് വകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ പരാതിയിന്മേലുള്ള പരിശോധന

അന്വേഷണഘട്ടത്തിലായതിനാൽ വിവരാവകാശ നിയമം 8(1) (എച്ച്) വകുപ്പു പ്രകാരം നടപടി വിവരം നൽകുവാൻ നിർവ്വാഹമില്ലെന്ന് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും അന്തിമ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് മാത്രമെ നടപടികൾ അവസാനിക്കുകയുള്ളൂ എന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ പരാതിയിന്മേലുള്ള അന്വേഷണം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നത് വിജിലൻസ് അന്വേഷണത്തെയും സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിയേയും പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ളതിനാലാണ് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ ഹർജിക്കാരന് നൽകാതിരുന്നതെന്ന് കാണുന്നു. എന്നാൽ ഹർജിക്കാരൻ നൽകിയ ഒരു പരാതിയിന്മേൽ നടത്തിയ അന്വേഷണത്തെ സംബന്ധിച്ച വിവരം ഹർജിക്കാരന് നൽകിയാൽ അത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന എതിർകക്ഷികളുടെ വാദം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരവും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും 15.4.2022നകം 2–ാം എതിർകക്ഷി സൗജന്യമായി ഹർജിക്കാരന് അയച്ചുകൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. അനധികൃത കെട്ടിടത്തിൽ വിദേശ മദ്യഷാപ്പ് പ്രവർത്തിക്കുന്നതിന് എക്സൈസ് വകുപ്പ് എപ്രകാരമാണ് ലൈസൻസ് അനുവദിച്ചത് എന്നത് സംബന്ധിച്ച വിഷയം കൂടി ടി അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിൽ ആയത് സംബന്ധിച്ചും അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യകത ഹർജിക്കാരൻ ഹിയറിംഗ് വേളയിൽ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഒരു പൊതു അധികാര സ്ഥാനത്തിന്റെ പ്രവർത്തനത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും വർദ്ധിപ്പിക്കുക, അഴിമതി നിയന്ത്രിക്കുക തുടങ്ങിയ വിവരാവകാശ നിയമത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ നിറവേറ്റാതെ ടി ലക്ഷ്യത്തിന് വിപരീതമായിട്ടുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്നാണ് എതിർകക്ഷികൾ വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരന് നൽകിയ മറുപടി പരിശോധിച്ചതിൽ കമ്മീഷന് ബോധ്യമാകുന്നത്. ടി.സി –58/2908, 58/2809 എന്നീ നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡിന്റെ എഫ്.എൽ.1–1016 നമ്പർ വിദേശ മദ്യഷോപ്പ് പ്രവർത്തിക്കുന്നത് അനധികൃത ബിൽഡിംഗിലാണെന്നതുമായി ബന്ധപ്പെട്ട് ശ്രീ. ആർ. സതീഷ്കുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)14690/2021 നമ്പർ കേസിന്മേൽ ബഹു. കോടതി 2.2.2022–ന് പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പിന്റെ 14.2.2022–ലെ എ1–110/2021 നമ്പർ കത്ത്

പ്രകാരം ടി മദ്യഷോപ്പിന്റെ എഫ്.എൽ1 ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ടി കെട്ടിടത്തിൽ വിദേശ മദ്യഷോപ്പ് നടത്തുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ നിന്നും 1.6.2021ന് ലൈസൻസ് അനുവദിച്ചിട്ടുള്ളതിനാലാണ് ടി കെട്ടിടത്തിൽ എഫ്.എൽ1 ലൈസൻസിനു പ്രവർത്തനാനുമതി നൽകിയിട്ടുള്ളതെന്നാണ് എക്സൈസ് കമ്മീഷണറുടെ 3.3.2022–ലെ EXC/855/2022-XC1 നമ്പർ ഉത്തരവ് പരിശോധിച്ചതിൽ കാണുന്നത്. പിന്നീട് ടി സ്ഥാപനത്തിന് നൽകിയ ലൈസൻസ് റദ്ദാക്കിയതായി നഗരസഭ ബഹു.കോടതിയെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ടി അനധികൃത കെട്ടിടത്തിൽ വിദേശ മദ്യഷാപ്പ് പ്രവർത്തിക്കുന്നതിന് എക്സൈസ് വകുപ്പ് ലൈസൻസ് നൽകിയത്, ടി കെട്ടിടത്തിൽ മദ്യഷാപ്പ് നടത്തുന്നതിനായി കൺസ്യൂമർഫെഡ് റീജ്യണൽ മാനേജർക്ക് നഗരസഭയിൽ നിന്നും 1.6.2020 തീയതിയിൽ ലൈസൻസ് അനുവദിച്ചത് കൊണ്ട് മാത്രമാണെന്ന എക്സൈസ് കമ്മീഷണറുടെ വാദം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ടി അനധികൃത കെട്ടിടത്തിൽ വിദേശ മദ്യഷാപ്പ് നടത്തുന്നതിനായി എക്സൈസ് വകുപ്പ് ലൈസൻസ് നൽകുവാനുണ്ടായ സാഹചര്യം കൂടി ടി അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിൽ ടി അനധികൃത കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മദ്യഷോപ്പിന് എഫ്.എൽ1 ലൈസൻസ് നൽകിയതിലുള്ള എക്സൈസ് ജീവനക്കാരുടെ പങ്ക് കൂടി അന്വേഷണ വിധേയമാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, എക്സൈസ് വകുപ്പ്, ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവർക്ക് കൂടി കമ്മീഷൻ സെക്രട്ടറി അയച്ചു കൊടുക്കേണ്ടതുമാണ്.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk